(ബി) ഇത്തരം അക്രമസമരത്തിൽ പങ്കെടുത്തവർക്കെതിരെ എന്ത് നിയമനടപടിയാണ് സർക്കാർ കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിപക്ഷ അക്രമസമരങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർ പ്രതികളായിട്ടുണ്ട്; പ്രതികൾ ഏതൊക്കെ കക്ഷിയിൽപ്പെട്ടവരാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) അക്രമസമരങ്ങൾ കാരണം എത്ര രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സർക്കാർ തിട്ടപ്പെടുത്തിയ മറ്റ് നഷ്ടങ്ങളുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റക്കാർക്കെതിരെ PDPP Act, IPC എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരം കേസെടുത്ത് അന്വേഷണം നടത്തി കോടതികളിൽ കുറ്റപത്രം സമർപ്പിച്ചുവരുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) & (ഇ) ഏകദേശം 5,52,22,553 രൂപയുടെ നഷ്ടം ഉണ്ടാക്കിയിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിന്റെ നിയമനം

6 [2436] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫ് നിയമനം ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാം;

(സി) പേഴ്സൺ സ്റ്റാഫിൽ ജോലിചെയ്യുന്ന കാലയളവ് പ്രമോഷന് അർഹതപ്പെട്ടതാണോ;

(ഡി) എങ്കിൽ ഇത് എല്ലാ വകുപ്പുകൾക്കും ബാധകമാണോ?

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിന്റെ നിയമനം പൊതുഭരണ വകുപ്പിന്റെ 3-3-1959-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 343/പി.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ കെ.എസ്.ആർ. പ്രകാരം സർക്കാർ സർവ്വീസിലേത് തന്നെയാണ്.

(സി) സർക്കാർ സർവ്വീസിൽ നിന്നോ അർദ്ധസർക്കാർ സർവ്വീസിൽ നിന്നോ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവർക്ക് അവരുടെ പേഴ്സണൽ സ്റ്റാഫിലെ സേവനകാലാവധി അതാത് മാതൃ വകുപ്പിൽ ലഭിക്കേണ്ടേ പ്രമോഷന് അർഹതപ്പെട്ടതാണ്.

(ഡി) ഇത് സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും ബാധകമാണ്.

'ഐ.എ.എസ്. ഉദ്യോഗസ്ഥ സംവിധാനം'

7 [2437] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *എം. കുമാരൻ:*
,, *എൻ. രാജൻ:*
,, *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസിൽ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്; കേരള കേഡറിൽ നിന്നും ഡപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ എത്ര;

(ബി) സംസ്ഥാന സിവിൽ സർവ്വീസിൽ ആവശ്യത്തിൽ കൂടുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉള്ളതായി കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ ജോലി പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ എന്നിവരുടെ ചുമതലകൾ എന്തൊക്കെയാണ്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വെളിപ്പെടുത്തുമോ; ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കായി പ്രതിവർഷം ശമ്പളവും, അലവൻസുമായി എത്ര രൂപ ചെലവഴിക്കുന്നുണ്ട്;

(ഡി) റിട്ടയർ ചെയ്ത ചീഫ് സെക്രട്ടറിമാരോ, മറ്റ് ഐ.എ.എസ്. ഉദ്യോഗസ്ഥരോ, സർക്കാരിന്റെ ചുമതലകൾ നിർവഹിക്കുന്നുണ്ടോ; ഇതു സംബന്ധിച്ചുള്ള ഉത്തരവുകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly